**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1496** **19-09-2025 - ല്‍ മറുപടിയ്ക്ക്**

**സ്കൂള്‍ കലോത്സവ മാന്വല്‍ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എന്‍. ഷംസുദ്ദീന്‍** | | **ശ്രീ വി ശിവന്‍കുട്ടി (പൊതുവിദ്യാഭ്യാസ-തൊഴില്‍ വകുപ്പ് മന്ത്രി)** | |
| (എ) | ഉപജില്ലാ സ്കൂള്‍ കലോത്സവം മുതല്‍ സംസ്ഥാന സ്കൂള്‍ കലോത്സവത്തിന് വരെ വിധികര്‍ത്താക്കളെ തെരഞ്ഞെടുക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിലവില്‍ ഉണ്ടോ; എങ്കില്‍ ഇത് സംബന്ധിച്ച വിശദാംശം നല്‍കാമോ; | (എ) | കലോത്സവ മാന്വല്‍ അദ്ധ്യായം 1 ഖണ്ഡിക 1.16 പ്രകാരം രണ്ടു വര്‍ഷത്തിലധികം ഒരു വിധികര്‍ത്താവിനെ ഒരേ ഇനത്തില്‍ തുടര്‍ച്ചയായി വിധികര്‍ത്താവായി നിയമിക്കാന്‍ പാടുള്ളതല്ല എന്നും, സബ്ജില്ലാതലത്തില്‍ വിധികര്‍ത്താക്കളാകുന്നവര്‍ അതേ ജില്ലയില്‍ വിധികര്‍ത്താക്കളാകാന്‍ പാടില്ല എന്നും ജില്ലാതലത്തില്‍ വിധികര്‍ത്താക്കളാകുന്നവര്‍ അതേവര്‍ഷം അതേ ഇനത്തില്‍ സംസ്ഥാനതലത്തില്‍ വിധികര്‍ത്താക്കളാകാന്‍ പാടില്ല എന്നും നിഷ്കര്‍ഷിച്ചിട്ടുണ്ട്. കൂടാതെ എല്ലാവര്‍ഷവും സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സര്‍ക്കാര്‍ അംഗീകൃത സാംസ്കാരിക/വിദ്യാഭ്യാസ സ്ഥാപനങ്ങളില്‍ നിന്നും, അതത് മേഖലയില്‍ പ്രാവീണ്യമുള്ള വ്യക്തികളില്‍ നിന്നും നാമനിര്‍ദ്ദേശം ക്ഷണിച്ച് വരുത്തി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിലും സബ്ജില്ലാ തലത്തില്‍ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്തിലും സൂക്ഷ്മ പരിശോധന നടത്തിയാണ് സംസ്ഥാന/ ജില്ലാതല/സബ്ജില്ലാതല കലോത്സവങ്ങളില്‍ വിധികര്‍ത്താക്കളെ നിശ്ചയിക്കുന്നത്. |
| (ബി) | ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം നടന്ന സ്കൂള്‍ കലോത്സവങ്ങളില്‍ കലോത്സവ മാന്വല്‍ അനുശാസിക്കും പ്രകാരമാണോ വിധികര്‍ത്താക്കളെ തെരഞ്ഞെടുത്തത് എന്നത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ; | (ബി) | സ്കൂള്‍ കലോത്സവങ്ങളില്‍ കലോത്സവ മാന്വല്‍ അനുശ്വാസിക്കും പ്രകാരമാണ് വിധികര്‍ത്താക്കളെ തെരഞ്ഞെടുക്കുന്നത്. |
| (സി) | ചില പ്രത്യേക മത്സര ഇനങ്ങള്‍ക്ക് ഏജന്റുമാര്‍ നിശ്ചയിക്കുന്ന വിധികര്‍ത്താക്കളെ വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഒത്താശയോടെ | (സി) | വിധികര്‍ത്താക്കളെ തെരഞ്ഞെടുക്കുന്നതില്‍ ഇത്തരം പ്രവണതകള്‍ വകുപ്പില്‍ നടക്കുന്നില്ല . നിലവിലുള്ള |

| | | | |
|---|---|---|---|
| | വിധികർത്താക്കളുടെ പാനലിൽ തിരുകി കയറ്റുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദവിവരം നൽകാമോ; | | മാന്വൽ അടിസ്ഥാനമാക്കിയാണ് വിധികർത്താക്കളെ നിശ്ചയിക്കുന്നത് . |
| (ഡി) | നിലവിലെ സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരിച്ച് വരും വർഷങ്ങളിലെ സ്കൂൾ കലോത്സവങ്ങൾ കുറ്റമറ്റ രീതിയിൽ നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | 30.09.2024- ലെ സ.ഉ (കൈ) നം 123/2024/ പൊ.വി.വ പ്രകാരം കലോത്സവ മാന്വൽ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും അതിൻ പ്രകാരം 2024 -25 അധ്യയന വർഷത്തെ കലോത്സവം കുറ്റമറ്റ രീതിയിൽ നടത്തിയിട്ടുള്ളതുമാണ് . നിലവിലുള്ള മാന്വൽ പരിഷ്കരിക്കേണ്ടുന്ന സാഹചര്യം ഉണ്ടാവുന്ന പക്ഷം ആയത് പരിശോധിക്കാവുന്നതാണ് . |

സെക്ഷൻ ഓഫീസർ